പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *293** **21.12.2012 ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിന്റെ നിലവിലെ വ്യവസ്ഥകൾ പ്രകാരം ആക്ട് നിലവിൽ വന്ന തീയതിയായ 18.01.07 നോ അതിനുമുമ്പോ നിലവിലുണ്ടായിരുന്ന കടങ്ങളാണ് കടാശ്വാസം നല്കുന്നതിന് പരിഗണിക്കുന്നത്. എന്നാൽ വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.<br>കടാശ്വാസം ശിപാർശ ചെയ്തുകൊണ്ട് കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ ഉത്തരവ് പ്രകാരമുള്ള കർഷക വിഹിതം അടയ്ക്കുന്ന കർഷകന് ബാങ്കിൽ ഈട് വച്ചിരുന്ന പ്രമാണം സർക്കാർ വിഹിതം ലഭിക്കുന്നതിനായി കാത്തിരിക്കാതെ തന്നെ നല്കേണ്ടതാണെന്ന് 11.09.12 ലെ ജി.ഒ.(ആർറ്റി.)നം.1788/2012/എഡി പ്രകാരം ഉത്തരവായിട്ടുണ്ട്.<br>20.02.09 ലെ ജി.ഒ.(എംഎസ്.)നം.37/2009/കൃഷി ഉത്തരവ് പ്രകാരം കടാശ്വാസം ലഭിക്കുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷ നല്കാനുള്ള അവസാന തീയതി 31.05.2009 ആയി നിശ്ചയിച്ചിരുന്നു. പ്രസ്തുത സമയപരിധി എടുത്തുമാറ്റുകയോ ദീർഘിപ്പിക്കുകയോ ചെയ്യുന്ന കാര്യം പരിശോധിച്ചു വരുന്നു.<br>കമ്മീഷന്റെ ദൈനംദിന കാര്യങ്ങളിൽ കൈകാര്യം ചെയ്യേണ്ടതായി വരുന്ന നിയമപരമായ പ്രശ്നങ്ങളുടെ വ്യാപ്തി കണക്കിലെടുത്ത് |

12.11.12 ലെ ജി.ഒ(എംഎസ്.) നം.262/2012/ കൃഷി പ്രകാരം കമ്മീഷനിൽ നിയമവകുപ്പിലെ അഡീഷണൽ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷന്റെ ഓഫീസിൽ ലോ ഓഫീസറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരമുള്ള നിശ്ചിത തീയതിക്കകം കർഷക വിഹിതം അടച്ചില്ലെങ്കിൽ കടാശ്വാസം നഷ്ടപ്പെടുമെന്ന് സ്ഥിതി ഒഴിവാക്കുന്നതിനായി നിശ്ചിത തീയതിക്ക് ശേഷമുള്ള കാലയളവിലേക്ക് നിശ്ചിത പലിശ ഈടാക്കിക്കൊണ്ട് കർഷക വിഹിതം ഈടാക്കുവാൻ കമ്മീഷൻ ഉത്തരവ് നല്കുന്നുണ്ട്. കടാശ്വാസം തീരുമാനിച്ച കഴിഞ്ഞാൽ ജപ്തിനടപടികൾ സ്വീകരിക്കരുതെന്നും കമ്മീഷൻ നിർദ്ദേശം നല്കുന്നുണ്ട്.

നിശ്ചിത തീയതിക്കകം കമ്മീഷനിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ നാമമാത്രമായ കേന്ദ്ര കടാശ്വാസം ലഭിച്ച കർഷകരേയും കടാശ്വാസത്തിന് ഇപ്പോൾ പരിഗണിക്കുന്നുണ്ട്. കമ്മീഷനിൽ കുടിശ്ശികയായ അപേക്ഷകൾ എത്രയും വേഗം തീർപ്പാക്കുന്നതിന് കമ്മീഷൻ ആസ്ഥാനത്ത് തുടർച്ചയായ സിറ്റിംഗുകൾ നടത്തുകയും കടാശ്വാസത്തിന് അർഹതയുള്ള അപേക്ഷകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനായി എല്ലാ അപേക്ഷകളിലും ബാങ്ക് സ്റ്റേറ്റ്മെന്റ് വരുത്തി കടാശ്വാസത്തിന് അർഹതയുള്ള അപേക്ഷകൾ തരം തിരിക്കുകയും ചെയ്യുന്നുണ്ട്.

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷക കടാശ്വാസ കമ്മീഷൻ വഴി നല്കിയ സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം 37,15,28,127/- രൂപ കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവുകളിൽ ശിപാർശ ചെയ്യുന്നതനുസരിച്ച് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് നല്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം, കാസർഗോഡ് ജില്ലയിൽ ആത്മഹത്യ ചെയ്ത 5 കർഷകർക്ക് പ്രത്യേക കേസായി പരിഗണിച്ച് കടാശ്വാസം അനുവദിക്കുന്നതിന് 1,82,250/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) കടാശ്വാസ കമ്മീഷൻ കൂടുതൽ അധികാരങ്ങളും പ്രവർത്തനത്തിന് കൂടുതൽ ഫണ്ടും അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ ? | (സി) നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ